ശുദ്ധജല വിതരണം

* 255 [394] ശ്രീ. കാനം രാജേന്ദ്രൻ:
ശ്രീമതി ഭാർഗവി തങ്കപ്പൻ:
ശ്രീ. വി. കെ. രാജൻ:
,, കെ. വി. സുരേന്ദ്രനാഥ്:
,, കെ. ഒ. കണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1986 ജൂലായ് 10—ാം തീയതി വരെ സംസ്ഥാനത്ത് ശുദ്ധജല വിതരണത്തിനായി എത്ര കിലോ മീറ്റർ ദൂരം പൈപ്പുകൾ ഇട്ടിട്ടുണ്ട്;

(ബി) ഈ ശുദ്ധജലവിതരണ പദ്ധതികളുടെ ഉദ്ഘാടനങ്ങൾക്കും മറ്റു ആഘോഷ പരിപാടികൾക്കുമായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(സി) ശുദ്ധജലം എത്തിക്കുവാൻ കഴിയാത്ത എത്ര പഞ്ചായത്തുകൾ സംസ്ഥാനത്ത് ഉണ്ട്;

(ഡി) അവ ഏതെല്ലാം?

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 11,323 കിലോമീറ്റർ.

(ബി) 2,04,737 രൂപ 95 പൈസ.

(സി, ഡി) നെല്ലിയാംപതി, കുറ്റിയാട്ടൂർ, പിരളശ്ശേരി, കണിച്ചാർ, പെരിങ്കുളം, കണയന്നൂർ, സേനാപതി, എരട്ടയാർ, കാഞ്ചിയാർ, മരിയാപുരം.

ശ്രീ. കാനം രാജേന്ദ്രൻ: ശുദ്ധജലം തീരെ എത്താത്ത പത്ത് പഞ്ചായത്തുകളെപ്പറ്റി മന്ത്രി ഇവിടെ പറഞ്ഞു. പ്രൊബ്ലം വില്ലേജുകളായി നോട്ടിഫൈ ചെയ്തിട്ടുള്ള നിരവധി പഞ്ചായത്തുകളിൽ ഇപ്പോഴും ശുദ്ധജല വിതരണത്തിനു് ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടില്ല. അങ്ങനെയുള്ള എത്ര വില്ലേജുകളിൽ ഈ വർഷം ശുദ്ധജലവിതരണ പദ്ധതികളും ആവിഷ്ക്കരിക്കാൻ കഴിയും എന്നാണ് ഗവൺമെന്റ് കരുതുന്നത്?

ശ്രീ. കെ. എം. മാണി: ആകെ 1219 വില്ലേജുകളിൽ 1164 എണ്ണം പ്രൊബ്ലം വില്ലേജുകളാണ്. അതിൽ 99 ശതമാനം ചെയ്തതായിട്ടാണ് കണക്ക്.

ശ്രീ. കാനം രാജേന്ദ്രൻ: 99 ശതമാനം കവർ ചെയ്തുവെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഒരു ലൈൻ ഒരു പഞ്ചായത്തിൽ കൂടി പോയാൽ അവിടെ വൈദ്യുതീകരിച്ചു എന്നു പറയുന്നതു പോലെ പ്രൊബ്ലം വില്ലേജുകളിൽ എത്തിക്കാൻ വേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കി എസ്റ്റിമേറ്റും മറ്റും വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിട്ടിയിൽ എത്തിയിട്ടുണ്ടെങ്കിലും കഴിഞ്ഞ രണ്ടുകൊല്ലക്കാലമായി ഇത്തരം പദ്ധതികൾ എടുക്കുന്നില്ല എന്ന പരാതി ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ പ്രശ്നപ്രദേശങ്ങളിൽ പുതിയ ജലവിതരണപദ്ധതികൾ ഏറ്റെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: പഞ്ചായത്തുകൾ എന്നുപറയുമ്പോൾ പഞ്ചായത്തുകളിലെ എല്ലാ ഭാഗത്തും വെള്ളം ചെന്നു എന്ന് അർത്ഥമില്ല. വെള്ളം എത്തിയ പഞ്ചായത്തുകൾ എന്നേ അർത്ഥമാക്കേണ്ടതുള്ളു. എന്നാൽ 1164 പ്രോബ്ലം വില്ലേജുകളിൽ 1163–ലും വെള്ളം എത്തിച്ചുവെന്നാണ് ഗവൺമെൻറിന്റെ കണക്ക്. ഇവിടെ മറ്റൊരു കാര്യം പറയാനുണ്ട്. അർബൻ പോപ്പുലേഷന്റെ 85 ശതമാനവും റൂറൽ പോപ്പുലേഷന്റെ 55 ശതമാനവും കവറേജ് നടത്തിയിട്ടുണ്ടെന്നുള്ളതാണ് വസ്തുത.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: പൈപ്പ് കുംഭകോണത്തെപ്പറ്റി ധാരാളം ആരോപണങ്ങൾ ഈ സഭയിൽ തന്നെ ഉയർന്നുവന്നിട്ടുള്ളതാണ്. പ്രാഥമിക ആവശ്യമെന്ന നിലയിൽ വെള്ളം എത്തിച്ചുകൊടുക്കുന്ന ഒരു പ്രധാന ജോലിയല്ല ഈ സർക്കാർ ചെയ്യുന്നത്. ഇതൊരു ബിസിനസ്സായി മാറ്റിത്തീർത്തുവെന്ന് ആരോപണങ്ങളിൽ നിന്ന് മനസ്സിലാക്കാം. ധാരാളം പൈപ്പുകൾ യാതൊരു ലക്കും ലഗാനുമില്ലാതെ മണ്ണിന്റെ അടിയിൽ കുഴിച്ചിടുന്നു. ഓവർഹെഡ് വാട്ടർടാങ്കിന് സ്ഥലം ആവശ്യമാണ്; പഞ്ചായത്താണ് അത് എടുത്തുകൊടുക്കേണ്ടത്. പഞ്ചായത്തുകമ്മിറ്റികൾ ഇപ്പോഴില്ല. പല പഞ്ചായത്തുകളിലും ഇതിന് സ്ഥലംകിട്ടുന്നില്ല. പൈപ്പ് ആദ്യം കുഴിച്ചിടുകയെന്ന പണിയാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആരോപണത്തിൽ നിന്ന് രക്ഷപ്പെടാൻവേണ്ടി കരുതിക്കൂട്ടി ഇത് ചെയ്തതല്ലേ?

ശ്രീ. കെ. എം. മാണി: പൊതുവായ അലിഗേഷനാണ്. അല്ലാതെ പറഞ്ഞ വിഷയങ്ങളോട് ഞാൻ യോജിക്കുന്നില്ല. പൈപ്പ് യഥാസമയം കുഴിച്ചിട്ട് അത് യഥാസമയം പൂർത്തീകരിക്കാൻ ആണ് ഗവൺമെൻറ് തീരുമാനിച്ചിട്ടുള്ളത്. ആ നിലയിലാണ് പ്രവർത്തിച്ചുപോന്നിട്ടുള്ളതും.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: പി. ഡബ്ലിയു. ഡി. റോഡുകളിൽ ഇപ്പോൾ പൈപ്പ് കുഴിച്ചിടാൻ ആ ഡിപ്പാർട്ടുമെൻറ് സമ്മതിക്കുന്നില്ല. ഈ ഡിപ്പാർട്ടുമെൻറും ആ ഡിപ്പാർട്ടുമെൻറും തമ്മിൽ സൗന്ദര്യപ്പിണക്കമാണ്. എന്റെ നിയോജകമണ്ഡലങ്ങളിൽ പല ഭാഗത്തും ശുദ്ധജലവിതരണപദ്ധതി നടപ്പിലാക്കുന്നുണ്ട്. പക്ഷേ പൈപ്പ് കുഴിച്ചിടാൻ സമ്മതിക്കാത്തതുകൊണ്ട് ആ പദ്ധതി തന്നെ മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെൻറുകളും തമ്മിലുള്ള മൽസരം തീർത്ത് പൈപ്പുകൾ കുഴിച്ചിടാൻ നടപടി എടുക്കുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പല സ്ഥലത്തും കോ–ഓർഡിനേഷനില്ല. അതുകൊണ്ട് ജില്ലാതലങ്ങളിൽ പി. ഡബ്ലിയു. ഡി. എഞ്ചിനിയേഴ്സും വാട്ടർ അതോറിറ്റി എഞ്ചിനിയേഴ്സും തമ്മിൽ കോ–ഓർഡിനേഷൻ ഉണ്ടാക്കുന്ന കാര്യത്തെ സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. അങ്ങനെ കോ–ഓർഡിനേഷന് വേണ്ടി കമ്മിറ്റി രൂപീകരിക്കാനായിട്ട് ഗവൺമെൻറ് ആലോചിക്കുകയാണ്.

മി. സ്പീക്കർ: കോ–ഓർഡിനേഷൻ വരുമ്പോൾ ഇലക്ട്രിസിറ്റിക്കാരേയും ടെലഫോൺകാരേയും കൂടി കോ–ഓർഡിനേറ്റ് ചെയ്യുന്നത് നന്നായിരിക്കും.

ശ്രീ. കെ. എം. മാണി: തീർച്ചയായും അതും ഗവൺമെൻറ് ആലോചിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. രാജൻ: ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 11,320 കിലോമീറ്റർ നീളത്തിൽ പൈപ്പിട്ടു എന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്രമീറ്റർ പൈപ്പ് വാങ്ങിയിട്ടുണ്ട്, ഉപയോഗം കഴിഞ്ഞ് എത്ര പൈപ്പ് ബാലൻസുണ്ട്, അത് എവിടെയാണ്?

ശ്രീ. കെ. എം. മാണി: ഈ സഭയിൽ തന്നെ ഇതിനുമുൻപും ഉത്തരം പറഞ്ഞിട്ടുള്ളതാണ്. 47 കോടി രൂപയുടെ പൈപ്പ് വാങ്ങിയിട്ടുണ്ട്, നാലരക്കോടി രൂപയുടെ പൈപ്പ് ഉപയോഗത്തിനുവേണ്ടി സ്റ്റോക്ക് ഉണ്ട്.

ശ്രീ. വി. കെ. രാജൻ: വിദേശസഹായത്തോടുകൂടി, നെതർലൻഡ് ഗവൺമെന്റിന്റെ സഹായത്തോടുകൂടി കൊടുങ്ങല്ലൂർ, നാട്ടിക മണ്ഡലങ്ങളിൽ വാട്ടർസപ്ലൈ സ്കീമിന്റെ വർക്ക് നടക്കുന്നുണ്ട്. അത് ഒരു വർഷത്തിനകം പൂർത്തീകരിക്കുമെന്നാണ് നെതർലൻഡിലെ ഉദ്യോഗസ്ഥൻമാരുടെ സാന്നിദ്ധ്യത്തിൽ അന്നത്തെ മന്ത്രി പറഞ്ഞത്. അതിന്റെ വർക്ക് ഇപ്പോഴും പൂർത്തീകരിച്ചിട്ടില്ല. അത് എന്നത്തേക്ക് പൂർത്തീകരിക്കും, അത് സ്പീഡപ്പ് ചെയ്യാതിരിക്കാൻ കാരണമെന്താണ്?

ശ്രീ. കെ. എം. മാണി: അത് ത്വരിതപ്പെടുത്തുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് വളരെ ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. കെ. ടി. കണാരൻ: ലക്ഷംവീടു കോളനികളിലും ഹരിജൻ—ആദിവാസി പ്രദേശങ്ങളിലും ഒരു പ്രത്യേക മുൻഗണനകൊടുത്ത് ശുദ്ധജലവിതരണ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വികാരങ്ങളോട് ഞാൻ യോജിക്കുകയാണ്. ഹരിജൻ ഗിരിജൻ കോളനികൾക്ക് വളരെയധികം പരിഗണന കൊടുത്തിട്ടുണ്ട്. 4440 ഹരിജൻ കോളനികളിൽ 2060 കോളനികളിലും വെള്ളം എത്തിക്കാൻ സാധിച്ചിട്ടുണ്ട്. അത് 50 ശതമാനത്തിനു മുകളിൽ ആയിട്ടുണ്ട്. ഇനിയും അത് വേഗത്തിൽ ആക്കുന്നതാണ്.

ശ്രീ. കെ. ടി. കണാരൻ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഇലക്ട്രിസിറ്റിയുടെ ചുമതലയുണ്ടായിരുന്ന സന്ദർഭത്തിൽ ഒരു വെളിച്ച വിപ്ലവം നടത്തി. ഇപ്പോൾ ഒരു ശുദ്ധജല വിതരണ വിപ്ലവം നടത്തുകയാണ്. അതിന്റെ ഭാഗമെന്നുള്ള നിലയിൽ എന്റെ നിയോജകമണ്ഡലമായ നാദാപുരം കേന്ദ്രമാക്കി നടന്നുവരുന്ന ശുദ്ധജലവിതരണ പരിപാടി എന്നത്തേക്ക് പൂർത്തിയാക്കി പ്രായോഗികതലത്തിലെത്തിക്കുമെന്നു പറയുവാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: വെള്ള വിപ്ലവത്തിനുവേണ്ടി ഒരു വൈറ്റ് പേപ്പർ തയ്യാറാക്കുന്നുണ്ട്. ഏതായാലും വെള്ളവിപ്ലവം ഇല്ലാതെതന്നെ ബഹുമാനപ്പെട്ട മെമ്പറുടെ പഞ്ചായത്തിൽ പ്രത്യേകമായ ഒരു വിപ്ലവപരിപാടിയായിട്ട് ഇത് എടുക്കാം.

ശ്രീ. ബെന്നി ബഹനാൻ: മന്ത്രി മറുപടി പറഞ്ഞപ്പോൾ 1164 പ്രോബ്ലം വില്ലേജുകളുണ്ടെന്നു പറഞ്ഞു. ഇപ്പോൾ കാലവർഷവും നമ്മളെ ചതിച്ചുകൊണ്ടിരിക്കുകയാണ്. പ്രോബ്ലം വില്ലേജുകൾക്കുവേണ്ടി വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി സമഗ്രമായ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. അത്തരം വില്ലേജുകളിൽ സമയബന്ധിത പരിപാടിയനുസരിച്ചുതന്നെ ഈ പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: മെമ്പർ പറഞ്ഞതുപോലെ ഒരു സമയ പരിധിക്കകത്തുതന്നെ ഇവയൊക്കെ തീർക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ നയം.

ശ്രീമതി കെ. ആർ. ഗൗരി: 1164 പ്രശ്നഗ്രാമങ്ങളുള്ളതിൽ എത്ര പഞ്ചായത്തുകളിൽ വെള്ളം കൊടുത്തുവെന്നു പറയാമോ? അതിൽ പൈപ്പുകൾ കുഴിച്ചിടുകയും ടാങ്കുകൾ കെട്ടിനിർത്തുകയും വെള്ളം പൈപ്പുകളിൽക്കൂടി പോകാതിരിക്കുകയും ചെയ്യുന്ന പഞ്ചായത്തുകളുണ്ട്. പട്ടണക്കാട് പൈപ്പ് കൊണ്ടുവന്നിട്ടിട്ടുണ്ട്. പക്ഷെ കുഴിച്ചിട്ടിട്ടില്ല. തൈക്കാട്ടുശ്ശേരിയിൽ പൈപ്പും കുഴിച്ചിട്ട് ടാങ്കും കെട്ടിനിർത്തിയിട്ടുണ്ട്. പക്ഷെ ഒരു തുള്ളി വെള്ളം എങ്ങും കിട്ടുന്നില്ല. ഇതെല്ലാം വെള്ളം കൊടുത്ത പഞ്ചായത്തുകളായാണോ അംഗീകരിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. മാണി: ഇതും കൂടി കൂട്ടിയായിരിക്കുകയില്ല ഞാൻ പറഞ്ഞത്. ഇതൊക്കെ വിവിധ ഘട്ടങ്ങളിൽ പ്രവർത്തനത്തിലിരിക്കുന്നവയാണ്. കുഴിക്കണം, പൈപ്പിടണം. അവസാനമേ വെള്ളം കിട്ടുകയുള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: മൂന്നു നാല് കൊല്ലമായി ഇതൊക്കെ ചെയ്തിട്ട്. എന്തു പ്രോസസ്സാണിത്?

ശ്രീ. കെ.എം. മാണി: എങ്കിൽ അത് കണക്കിൽ കൂട്ടിക്കാണുകയില്ല.

ശ്രീ. കെ. പി. എ. മജീദ്: ഒരു പഞ്ചായത്തിൽ ഒരു കുഴൽക്കിണർ കുഴിച്ചു ഒരു ഹാൻഡ് പമ്പും ഇട്ടുകഴിഞ്ഞാൽ ആ പഞ്ചായത്തിൽ ശുദ്ധജലവിതരണം നടത്തിക്കഴിഞ്ഞു എന്നുള്ളതാണ് ഇപ്പോഴത്തെ കണക്ക്. ഇതിനുപകരമായി ഇതുപോലുള്ള കിണറുകളിൽ നിന്നു പൈപ്പ്ലൈൻ കൊടുക്കുന്നത് ബൃഹത്തായ ഒരു പരിപാടിയാക്കി ആ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വെള്ളം എത്തിക്കുവാൻ വേണ്ട വല്ല പരിപാടിയും ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. മാണി: ഗവൺമെന്റിന്റെ മനസ്സിലിരിക്കുന്ന പരിപാടി അതുതന്നെയാണ്. ഇപ്പോഴും ഹാൻഡ്പമ്പ് വച്ചിരിക്കുന്ന കുഴൽക്കിണറുകളെ സംബന്ധിച്ചിടത്തോളം അത് യീൽഡുള്ളതാണെങ്കിൽ അവിടെയൊരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. അതിനുള്ള നിർദ്ദേശങ്ങളും ഞാൻ എക്സിക്യൂട്ടീവ് എഞ്ചിനീയേഴ്സ് കോൺഫറൻസിൽ വച്ച് നൽകിക്കഴിഞ്ഞു.

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇപ്പോഴും കുഴിച്ചിട്ടിട്ടുള്ള 10383 കിലോമീറ്റർ പൈപ്പ് ലൈനുള്ളതിൽ എത്ര കിലോമീറ്ററിൽക്കൂടി വെള്ളം പോകുന്നുണ്ട് എന്നു പറയാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: കുഴിച്ചിട്ട് കമ്മീഷൻ ചെയ്തിട്ടുള്ളതിൽ മുഴുവനും വെള്ളം ഒഴുകുന്നുണ്ട് എന്നാണ് ഗവൺമെന്റ് കരുതുന്നത്. ഞാൻ പറഞ്ഞത് കുഴിച്ചിട്ടത് കാണും, പൈപ്പ് ഇട്ടത് കാണും, പക്ഷെ എനർജൈസ് ചെയ്തു, മോട്ടോർ വച്ചു കമ്മീഷൻ ചെയ്ത പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളം വെള്ളം ഒഴുകിക്കൊണ്ടിരിക്കും. ഇല്ലെന്നുണ്ടെങ്കിൽ പ്രത്യേക നോട്ടീസ് തന്നാൽ അത് പരിശോധിക്കാം; പരിഹാരം ഉണ്ടാക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബി ജോൺ: വളരെക്കൂടുതൽ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തിയിട്ടുണ്ടെന്നാണ് ഗവൺമെന്റ് പറഞ്ഞു. പൈപ്പ് കൂടുതലായി ഇട്ടിട്ടുണ്ടെന്നു പറഞ്ഞു. ഭരണപക്ഷ—പ്രതിപക്ഷ വ്യത്യാസം കൂടാതെ, ഇങ്ങനെ കുഴിച്ചിട്ട പൈപ്പുകളിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്യുന്നില്ലെന്നു പരാതി വന്നിട്ടുണ്ട്. ധാരാളം മുതൽ മുടക്കി ഇത്രയും പൈപ്പ് കുഴിച്ചിട്ടതിൽ എവിടെയെല്ലാം വെള്ളം കിട്ടുന്നു? എവിടെയെല്ലാം കിട്ടുന്നില്ലായെന്നുള്ളതിന് ഒരു ഇവാലുവേഷൻ നടത്തുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ ഫർപ്പാട് ചെയ്യാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: കമ്മിറ്റിയെ വയ്ക്കേണ്ട കാര്യമില്ല. എന്റെ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർക്ക് ഞാൻ ആവശ്യമായ നിർദ്ദേശങ്ങളം കൊടുത്തിട്ടുണ്ട്. പൈപ്പ് ഇടുക മാത്രമല്ല യൂട്ടിലിറ്റിയാണ് ഏറ്റവും പ്രധാനം. എവിടെയെങ്കിലും വെള്ളം കിട്ടാതുണ്ടെങ്കിൽ അതു പരിശോധിക്കണമെന്നും വേഗത്തിൽ വെള്ളം കൊടുക്കണമെന്നും നിർദ്ദേശം കൊടുത്തു കഴിഞ്ഞു. അതിനൊരു കുഴപ്പവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തലശ്ശേരി, കണ്ണൂർ ഭാഗങ്ങളിലെ ശുദ്ധജലവിതരണം തകരാറിലാണ്. പഴകിയ പൈപ്പുകളം പൊട്ടിക്കൊണ്ടിരിക്കുന്നെന്നുള്ളതാണ് അവിടത്തെ ഏറ്റവും വലിയ തകരാറ്. അതെല്ലാം മാറി കാസ്റ്റ് അയൺ പൈപ്പാക്കണമെന്ന് ഡിപ്പാർട്ടുമെന്റ് തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് തലശ്ശേരി, കണ്ണൂർ ഭാഗത്തെ ശുദ്ധജലവിതരണത്തിലുള്ള അപാകതകളം പരിഹരിക്കുന്നതിനു വേണ്ടി പ്രത്യേക മുൻഗണന കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: പ്രഷർ കൂടുന്നതിന്റെ ഫലമായി ചില സ്ഥലങ്ങളിൽ പൈപ്പുകളം പൊട്ടാറുണ്ട്. മെമ്പർ പറഞ്ഞതുപോലെ കാസ്റ്റ് അയേൺ പൈപ്പാണ് നല്ലത്. സി. ഐ. പൈപ്പിന് വില കൂടും. കിട്ടാൻ സ്പെഷ്യൽ സിറ്റിയുണ്ട്. കഴിയുന്നിടത്തോളം സി. ഐ. പൈപ്പ് ഉപയോഗിക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ഇപ്പോഴത്തെ നയം.

ശ്രീ. ഇ. ജെ. ലൂക്കോസ്: കോട്ടയം ജില്ലയിലുള്ള പ്രധാനപ്പെട്ട ജലവിതരണ സ്കീമുകളെല്ലാം മീനച്ചിലാറ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്യുന്നതാണ്. അതുകൊണ്ട് കോട്ടയം ജില്ലയിൽ ശുദ്ധജലവിതരണം പൂർണ്ണമായി നടപ്പിലാക്കുവാൻ മീനച്ചിൽ നദീതടപദ്ധതിയുടെ പ്രവർത്തനം കൂടുതൽ വേഗത്തിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: നദീതടപദ്ധതികളെ സംബന്ധിച്ചിടത്തോളം ഇനിയിപ്പോൾ വേഗത്തിൽ കൊണ്ടുപോകാൻ കഴിയും.

ശ്രീ. സി. ടി. കൃഷ്ണൻ: ഇപ്പോൾ വെള്ളം കൂടുതൽ കിട്ടുന്ന കുഴൽക്കിണറുകളിൽ ശാസ്ത്രീയമായി കൂടുതൽ ഉപയോഗം ഉണ്ടാകത്തക്കവിധത്തിൽ 500 മീറ്ററോ 1000 മീറ്ററോ ദൂരംവരെ എട്ടോ പത്തോ ഇരുപതോ പൈപ്പുകളം വലിച്ചു ടാപ്പുകളിടുകയാണെങ്കിൽ ആയിരക്കണക്കിനാളുകൾക്ക് വെള്ളം കിട്ടാൻ സൗകര്യമുണ്ട്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ഇടയ്ക്കിടയ്ക്ക് വരൾച്ചയാണ്. പാലക്കാട് ജില്ലയിൽ ഇപ്പോഴും വരൾച്ചയാണ്. അതുകൂടി കണക്കിലെടുത്ത്, ലോറികളിൽ വെള്ളം കൊണ്ടുവന്ന് ആയിരക്കണക്കിന് ഉറുപ്പിക അനാവശ്യമായി ചെലവ് ചെയ്യുന്നതിനു പകരം, അതുപയോഗിച്ച് ഇപ്പോൾ വെള്ളം കിട്ടുന്ന സ്ഥലത്ത് ടാപ്പുകളി,

LIBRARY ARCHIVES Kerala Legislative Assembly

ടുവാനും പൈപ്പുകളിടുവാനും സാധിക്കും. ഒരു നിർദ്ദേശം എന്ന നിലയിൽ ഓരോ പ്രദേശത്തിനും മുൻഗണന കൊടുത്ത് ഇത്തരം ഒരു സമീപനം സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഒരു ഉപചോദ്യത്തിനുത്തരമായി ഞാൻ നേരത്തേ ഇതിന് ഉത്തരം നൽകിയതാണ്. ഇത് പൂർണ്ണമായും ഞാൻ അംഗീകരിക്കുന്നു. അങ്ങനെയുള്ള സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ഒരു മിനി വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാം. അങ്ങനെയുള്ള പ്രദേശങ്ങളുണ്ടെങ്കിൽ എഴുതിത്തന്നാൽ മതി അതിന് പ്രയോറിറ്റി നൽകാം.

ഡോ. കെ. സി. ജോസഫ്: 10 പഞ്ചായത്തുകളിൽ വെള്ളം കൊടുക്കുവാനുള്ളതായി മന്ത്രി പറയുകയുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ കാവാലം പഞ്ചായത്തിൽ ഒരു വാർഡിലും ഒരു സ്ഥലത്തും വെള്ളം ഇതുവരെ എത്തിയിട്ടില്ല. അതുകൊണ്ട് അങ്ങനെയുള്ള സ്ഥലങ്ങളിൽ എന്നത്തേക്ക് വെള്ളം കൊടുക്കുവാൻ കഴിയും? ഇവിടെ സയമബന്ധിത പരിപാടി അനുസരിച്ചാണ് ശുദ്ധജലവിതരണപരിപാടി നടപ്പിലാക്കുന്നതെന്നു പറഞ്ഞു. 10 കൊല്ലമായിട്ടും പൂർണ്ണമായി നടപ്പിലാക്കാത്ത കുട്ടനാട് ശുദ്ധജലവിതരണ പദ്ധതി എത്ര കൊല്ലത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

ശ്രീ. കെ. എം. മാണി: കുട്ടനാട് വലിയ ഒരു പ്രോബ്ലം ഏരിയയാണ്. അതു സമ്മതിക്കുന്നു. കുട്ടനാട്ടെ ശുദ്ധജലക്ഷാമം മനസ്സിലാക്കുന്നു. അങ്ങനെയുള്ള പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം, അതിന് കൂടുതൽ പരിഗണന കൊടുക്കുന്നതാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: 1990–നകം പൂർത്തിയാകുമെന്ന സങ്കൽപ്പത്തിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ഏറ്റെടുത്ത പരിപാടികളുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ പെടുന്ന 5 പഞ്ചായത്തുകളുൾക്കൊള്ളുന്ന ഒരു പദ്ധതി ഉൽഘാടനം ചെയ്തുകഴിഞ്ഞു. ചിതറ പദ്ധതി. 1990–നകമെങ്കിലും പൂർത്തിയാക്കി കമ്മീഷൻ ചെയ്യാൻ കഴിയുന്ന രീതിയിൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: 1990 എന്നു പറഞ്ഞെങ്കിലും 90–ന് മുമ്പുതന്നെ നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. എങ്കിലും അത് ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. ജോസ് കുറ്റിയാനി: നമ്മുടെ സംസ്ഥാനത്ത് നാലര കോടി ഉറുപ്പികയുടെ പൈപ്പ് വാങ്ങിയത് ബാക്കിയുണ്ടെന്നു പറഞ്ഞു. ഇടുക്കി ജില്ലയിൽ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കുഴിച്ച കുഴൽക്കിണറുകളിൽ നിന്നും നിലവിലുള്ള മറ്റ് സോഴ്സുകളിൽ നിന്നും പൈപ്പില്ലാത്തതുകൊണ്ട് വെള്ളം കൊടുക്കാൻ കഴിയുന്നില്ല. പൈപ്പ് സുലഭമായി ഉള്ളതുകൊണ്ട് വെള്ളം ഉള്ള സോഴ്സുകളിൽ നിന്നും പരമാവധി പ്രദേശങ്ങളിൽ വെള്ളം എത്തിച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുവാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഒരു ചോദ്യത്തിനുത്തരമായി ആകെ വാങ്ങിയതിൽ 4 കോടി രൂപയുടെ പൈപ്പ് സ്റ്റോക്കുണ്ടെന്നു പറഞ്ഞതുകൊണ്ട്, നമ്മുടെ സംസ്ഥാനത്ത് ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും നടപ്പി

LIBRARY ARCHIVES Kerala Legislative Assembly

ലാക്കുന്നതിനാവശ്യമായ പൈപ്പ് ഗവൺമെൻറിന്റെ കയ്യിലുണ്ടെന്നു അർത്ഥമാക്കേണ്ടതില്ല. നമുക്ക് പൈപ്പ് ക്ഷാമമുണ്ട്. പദ്ധതികൾക്കാവശ്യമായ പൈപ്പുകളുടെ പോരായ്മയുണ്ട്. കൃത്യമായി ഇതെല്ലാം അസസ് ചെയ്തതിനുശേഷം അതു വാങ്ങുന്നതിനുള്ള ഒരു ഗൈഡ് ലൈനാണ് ഇപ്പോൾ നിൽക്കുന്നത്.

ശ്രീ. ഇ. പത്മനാഭൻ: ശുദ്ധജലം എത്തിക്കാൻ കഴിയാത്ത 10 പഞ്ചായത്തുകൾ ഉണ്ടെന്ന് പറഞ്ഞു. അതിൽ പാലക്കാട് ജില്ലയിലുള്ള നെല്ലിയാമ്പതി പഞ്ചായത്തും ഉൾപ്പെടും. ഈ സംസ്ഥാനത്തു ഏറ്റവുമധികം പട്ടികജാതി—പട്ടികവർഗ്ഗക്കാർ ഉള്ള സ്ഥലമാണത്. ഇത്തരം പദ്ധതികളെല്ലാം സ്പെഷ്യൽ കമ്പോണൻറ് പ്ലാനിൽ ഉണ്ടെന്നാണ് പറയുന്നത്. ഗിരിവർഗ്ഗക്കാർ ഏറ്റവുമധികമുള്ള പാലക്കാടു ജില്ലയിലെ ഈ പഞ്ചായത്തിൽ ശുദ്ധജലം ഇതുവരെയും എത്തിച്ചിട്ടില്ലായെന്നുള്ളത് കണക്കിലെടുത്ത് ഈ വരുന്ന കൊല്ലംതന്നെ അവിടെ ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: നെല്ലിയാമ്പതി പ്രദേശം വെള്ളത്തിന് വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പ്രദേശമാണെന്ന് ഗവൺമെൻറിന് അറിയാം. തീർച്ചയായും ഈ പ്രശ്നം ഗവൺമെൻറു പരിഹരിക്കുന്നതാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സ്ഥിരമായി വരൾച്ച നിലനിൽക്കുന്ന പ്രദേശങ്ങളിൽ, ഗവൺമെൻറു തന്നെ അങ്ങനെ അംഗീകരിച്ച പ്രദേശങ്ങളിൽ വെള്ളമെത്തിക്കുന്നതിന് പ്രത്യേകം വല്ല പദ്ധതികളും തയ്യാറാക്കിയിട്ടുണ്ടോ, ഇല്ലെങ്കിൽ പദ്ധതി തയ്യാറാക്കാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: മെമ്പർ പോര് പറഞ്ഞില്ലെങ്കിലും കൊഴിഞ്ഞാംപാറപോലുള്ള പ്രദേശങ്ങൾക്ക് എത്രയും പെട്ടെന്ന് വെള്ളം കൊടുക്കുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതി ഗവൺമെൻറു നടപ്പിലാക്കുന്നതാണ്.

ശ്രീ. എ. വി. താമരാക്ഷൻ: പട്ടണപ്രദേശങ്ങളിൽ 85 ശതമാനം ജനങ്ങൾക്കും വെള്ളം എത്തിച്ചു കഴിഞ്ഞുവെന്ന് പറഞ്ഞു. ആലപ്പുഴ പട്ടണത്തിൽ 22 കുഴൽക്കിണർ ഉള്ളതിൽ 12 കുഴൽക്കിണറുകളും ഇപ്പോഴും അടഞ്ഞുകിടക്കുകയാണെന്നുള്ളവിവരം അങ്ങേയ്ക്ക് അറിയാമോ; അവിടെ വെള്ളം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇത് മുമ്പു പറഞ്ഞ പദ്ധതിയിൽ പെടുന്നതാണ്. കുഴിച്ചിട്ടുള്ള കുഴൽക്കിണറുകളുടെ മുഴുവൻ പ്രയോജനവും കിട്ടണമെന്നുണ്ടെങ്കിൽ അതിൽ വേറെ പൈപ്പു ഇട്ടു പരിസരത്തുള്ള ആളുകൾക്കു വെള്ളം കൊടുക്കാൻ കഴിയണം. അതുകൊണ്ട് കുഴിച്ചിട്ടുള്ള കുഴൽക്കിണറുകളിൽ ഇങ്ങനെയുള്ള ജോലികൾ കിടപ്പുണ്ടെങ്കിൽ അതിന് മുൻഗണനകൊടുത്തു ഏറെറടുക്കുന്നതായിരിക്കും എന്ന് സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി: കാലിക്കറ്റ് റേഞ്ച് വാട്ടർ സപ്ലൈ സ്കീം എന്നു പറഞ്ഞ സ്കീം വർഷങ്ങളായിട്ടും നടപ്പിലായിട്ടില്ല. ബേപ്പൂർ മണ്ഡലം മുഴുവനും പ്രൊബ്ലം വില്ലേജുകളാണ്. അവിടെ 25 ശതമാനംപോലും വെള്ളംകൊടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ സ്കീമിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയതുകൊണ്ട് ഇല്ലത്തുനിന്നു ഇറങ്ങുകയും ചെയ്തു അമ്മാത്ത് ഒട്ട് എത്തിയതുമില്ല എന്നു പറഞ്ഞതു പോലെ ഒന്നിൽ ഉൾപ്പെടുത്തിയതുകൊണ്ട് മറേറത് കൊടുക്കാതിരിക്കുകയും ചെയ്യുന്നത് ഏതു രീതിയിലാണെന്ന് പറയാൻ തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: എവിടെയെങ്കിലും ഒന്ന് എത്തുന്നതിന് നമുക്കു ആവശ്യമായ ചർച്ചകൾ നടത്താം. ആ കാര്യം പ്രത്യേകം ഓർമിപ്പിച്ചാൽ ഞാൻ പരിശോധിച്ച് വേണ്ട നീക്കുപോക്കുകൾ ചെയ്യാം.

ശ്രീ. പി. വിജയദാസ്: ആറിങ്ങൽ വാട്ടർ സപ്ലൈ സ്കീം തുടങ്ങിയിട്ട് വർഷങ്ങളായി. ഇപ്പോൾ അവിടെ രാമേശ്വരത്തെ ക്ഷൗരംപോലെയാണ് വെള്ളം കൊടുക്കുന്നത്. അടിയന്തിരമായി ആ പദ്ധതി പൂർത്തിയാക്കി ആ താലൂക്കിലെ ബഹുഭൂരിപക്ഷം പ്രദേശത്തും വെള്ളമെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായും അത് നോക്കാം.

ശ്രീ. സി. ടി. അഹമ്മദാലി: കാസർകോട് ശുദ്ധജലവിതരണ പദ്ധതിപ്രകാരം നടപ്പിലാക്കിയിട്ടുള്ള പദ്ധതിയിൽ ഉപ്പു വെള്ളംകാരണം പലപ്പോഴും വേനൽക്കാലത്തു വെള്ളത്തിന് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഈ കാര്യം എം. എൽ. എ. മാർക്കും മന്ത്രിക്കും വളരെ മുമ്പുതന്നെ അനുഭവപ്പെട്ടിട്ടുള്ളതാണ്. അതുകൊണ്ട് വെള്ളം പമ്പുചെയ്യുന്ന ബാവിക്കര എന്ന സ്ഥലത്തു ഒരു സ്ഥിരം ബണ്ടുകെട്ടണം എന്ന ആവശ്യം കുറെക്കാലമായി ആവശ്യപ്പെടുന്നതാണ്. അടിയന്തിരമായി ബണ്ടുനിർമ്മിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമോ?

ശ്രീ. കെ. എം. മാണി: അത് ഗവൺമെൻറു ശ്രദ്ധിക്കുന്നതാണ്.

ശ്രീ. വി. കേശവൻ: പ്രൊപ്പോസൽ വില്ലേജിൻെറ പട്ടികയിൽവരുന്ന പഞ്ചായത്താണോയെന്നറിയില്ല എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട പാലമേൽ പഞ്ചായത്തിൽ ഇതുവരെ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയിട്ടില്ല. അവിടെ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കണമെന്ന് സൂചിപ്പിക്കുന്നതോടൊപ്പം തന്നെ നൂറനാട് കുഷ്ഠരോഗാശുപത്രിയിൽ വർഷങ്ങളായി ശുദ്ധജലം കിട്ടാതെ 1200 ഓളം രോഗികൾ കഷ്ടപ്പെടുകയാണ്. അവിടെ വെള്ളത്തിനുവേണ്ടി ഒരു സമരം തന്നെയുണ്ടായി. അവിടെ താല്ക്കാലികമായിട്ട് വെള്ളംകൊടുക്കാനുള്ള ഏർപ്പാട് അടിയന്തിരമായി ഉണ്ടാക്കിക്കൊണ്ട് സ്ഥിരമായി ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ ഒരു പ്രത്യേക പദ്ധതി നടപ്പാക്കി അവിടത്തെ ഈ പ്രശ്നത്തിന് പരിഹാരം കാണാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ അതൊന്ന് ഓർമ്മിപ്പിച്ചാൽ ആ കാര്യം നമുക്കു ചർച്ച ചെയ്യാം. ആ കുഷ്ഠരോഗാശുപത്രിയുടെ പരിസരത്ത് കുഴൽക്കിണർ ഉണ്ടെങ്കിൽ ആ പദ്ധതി ഉടനെ നടപ്പിലാക്കി അല്ലെങ്കിൽ ഒരു കുഴൽക്കിണർ കുഴിക്കുന്നതിന് സാദ്ധ്യതയുണ്ടെങ്കിൽ അത് എക്സ്പ്ലോർ ചെയ്യാം. അതിനെപ്പററി ബഹുമാനപ്പെട്ട മെമ്പറുമായിട്ട് ഞാൻ സംസാരിച്ച് വേണ്ട നടപടി സ്വീകരിക്കാം.

ശ്രീ. സി. പി. മുസ്സാൻകുട്ടി: കുടിവെള്ളത്തിനുവേണ്ടിയുള്ള പത്തു പഞ്ചായത്തുകളിൽ 60—ഓളം ഹരിജൻ കോളനികൾ ഉൾപ്പെട്ടിട്ടുണ്ട്. ഡെൻമാർക്കിൻെറ സഹായത്തോടുകൂടി തുടങ്ങിയ കളക്കേരി വാട്ടർ സപ്ലൈ

LIBRARY ARCHIVES Kerala Legislative Assembly

സ്കീം എന്ന് തുടങ്ങാൻ സാധിക്കും; മന്ത്രിയുടെ ഒരു പ്രസ്താവന യുണ്ടായിരുന്നു ഉടനെ തുടങ്ങുമെന്ന്. എപ്പോഴേ തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എം. മാണി: താമസിയാതെ തുടങ്ങണമെന്നുള്ളതാണ് ഗവൺമെന്റിന്റെ തീരുമാനം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: പത്തു ഗ്രാമങ്ങളെ മാത്രമാണ് ഇന്ന് ശുദ്ധജലവിതരണത്തിനായി തെരഞ്ഞെടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കുമ്പളങ്ങി പഞ്ചായത്തിൽ ഒരു തുള്ളിവെള്ളം ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അവിടെ പൈപ്പുകൾ കണക്ട് ചെയ്തിട്ട് മൂന്നുകൊല്ലമായി അവിടെ വെള്ളം കൊടുക്കുന്നതിനുള്ള അടിയന്തിരമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: തീർച്ചയായും ഈ കാര്യം ശ്രദ്ധിക്കാം. പൊതുവേ ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. പൈപ്പ് ഈ നിലയിൽ ഇട്ടിരിക്കുന്നതും ഉടനെ കമ്മീഷൻ ചെയ്യാത്തതുമായ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇക്കാര്യം പ്രത്യേകിച്ച് എന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണെങ്കിൽ വേണ്ട നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. ടി. കുമാരൻ: കണ്ണൂർ ജില്ലയിലെ കണ്ണൂർ സെൻട്രൽ ജയിലിൽ ഏകദേശം 900—ഓളം തടവുകാരുണ്ട്. അവർക്ക് ശുദ്ധജലം കിട്ടുന്നില്ല. അവിടെ വാട്ടർസപ്ലൈക്കുവേണ്ടി തുരുമ്പുപിടിച്ച പൈപ്പുവച്ചതിന്റെ ഫലമായിട്ട് വെള്ളം കിട്ടുന്നില്ല. അതുകൊണ്ട് അടിയന്തിരമായി ഒരു കുഴൽക്കിണർ കുഴിക്കണമെന്ന് ജില്ലാധികൃതർ ഡിപ്പാർട്ടുമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. പെറ്റീഷൻ കമ്മിറ്റിയും ഇക്കാര്യം ശുപാർശ ചെയ്തിട്ടുള്ളതാണ്. എന്നാൽ കുഴൽക്കിണർ കുഴിച്ചിട്ടില്ല. അതുകൊണ്ട് അവിടെ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി ഇന്നുതന്നെ നിർദ്ദേശംകൊടുത്തു ഒരു കുഴൽക്കിണർ കുഴിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഇങ്ങനെയുള്ള ആവശ്യങ്ങൾ നിരവധിയാണ്. അത് അനുഭാവപൂർവ്വം പരിഗണിക്കാം.

ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി): വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ചുമതലയാണ് കുഴൽക്കിണർ കുഴിക്കുകയെന്നുള്ളത്. ഇൻവെസ്റ്റിഗേഷൻ നടത്തി സ്ഥലം നിശ്ചയിച്ചിട്ടുള്ളതാണ്. ഇപ്പോഴും പല സ്ഥലങ്ങളിലും കുഴൽക്കിണർ കുഴിച്ചിട്ടില്ല. എന്റെ അന്വേഷണത്തിൽ കോട്ടയം ജില്ലയിൽ പണം ഇല്ലാത്തതിന്റെ പേരിലാണ് അതു നടത്താത്തത് എന്നാണ് അറിയാൻ കഴിഞ്ഞത്. അതുകൊണ്ട് കുറച്ചു പണം കോട്ടയം ജില്ലയ്ക്ക് അനുവദിച്ച് ഇൻവെസ്റ്റിഗേഷൻ നടത്തിയ സ്ഥലങ്ങളിൽ കുഴൽക്കിണർ കുഴിപ്പിക്കാൻ വേണ്ട നടപടികളെടുക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമോ?

ശ്രീ. കെ. എം. മാണി: ഇൻവെസ്റ്റിഗേഷൻ നടത്തിയ സ്ഥലങ്ങളിൽ കുഴൽക്കിണർ കുഴിക്കുന്നതിനുവേണ്ട നടപടികളുമായി മുന്നോട്ടു പോകുന്നതാണ്. കോട്ടയം ജില്ലയിലെ പ്രശ്നം പരിശോധിക്കാം.

ശ്രീ. എസ്. ആർ. തങ്കരാജ്: കേരളത്തിലെ മലയോര പഞ്ചായത്തുകളിലൊന്നാണ് അമ്പൂരി പഞ്ചായത്ത്. ആ പഞ്ചായത്തിൽ ശുദ്ധജല വിതരണത്തിനു നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. സർവ്വേ തുടങ്ങുന്നതിനുപോലും നടപടി സ്വീകരിച്ചിട്ടില്ല. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

പല ഭാഗത്തും കുഴൽക്കിണർപോലും കുഴിക്കാൻ പറ്റാത്ത സ്ഥലമാണ്, അതുകൊണ്ട് അടിയന്തിരമായി അവിടെ ശുദ്ധജലവിതരണം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുമോ?

ശ്രീ കെ. എം. മാണി: ഓരോന്നോരോന്നായി ഇങ്ങനെ പറയാൻ ബുദ്ധിമുട്ടുണ്ട്. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് കഴിയുന്നത്ര ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ: കോ—ഓർഡിനേഷൻ ഇല്ലാത്തതുമൂലം പല ജലസേചന പദ്ധതികളുടെ കീഴിലും ഒരു കുഴൽക്കിണർ കുഴിച്ച് പൈപ്പും ഇട്ട് ഡ്യൂപ്ലിക്കേഷൻ വരുത്തുന്നുണ്ട്. ശുദ്ധജലം കൊടുക്കുന്നുവെന്ന് പറഞ്ഞ പല പഞ്ചായത്തുകളിലും അത് കിട്ടുന്നുമില്ല. അതുകൊണ്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ കോ—ഓർഡിനേഷൻ ഉണ്ടാക്കാനും വെള്ളം കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കാനും അത് റിവ്യൂ ചെയ്യാനും ഇന്ന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ?

ശ്രീ. കെ. എം. മാണി: വെള്ളം ഒഴുക്കുന്നതിന് കോ—ഓർഡിനേഷൻ ആവശ്യമില്ല. ഞാൻ കോ—ഓർഡിനേഷൻ വേണമെന്ന് പറഞ്ഞത് പി. ഡബ്ലിയു. ഡി. റോഡിൽ കുഴികുഴിക്കുന്നതിനുള്ള കോ—ഓർഡിനേഷനെപ്പറ്റിയാണ്. വെള്ളത്തെ സംബന്ധിച്ച് പ്രശ്നമൊന്നുമില്ല. വേണ്ട ഇൻസ്ട്രക്ഷൻസ് ഡിപ്പാർട്ടുമെന്റിന് കൊടുക്കാം.

ശ്രീ. ജി. വരദൻ: சார், மூனூர் டவுணில் குடிநீர் வசதிக்கான வேலைகள் மூன்று வருடமாக நடந்து கொண்டிருக்கிறது. ஆனால் இதுவரையிலும் குடிநீர கொடுக்க முடியவில்லை. ரோடுகளை வெட்டி பைப்பு போடுகிறார்கள். அதல்லாமல் தண்ணீர் தொடுக்க முடியவில்லை. ஏராளம் தண்ணீர் உள்ள மூனூரில் குடிநீர் வசதி செய்து கொடுப்பதற்கு. தேவையான நடவடிக்கைகள் விரைவில் எடுக்கப்படுமா?

ശ്രീ. കെ. എം. മാണി: ശ്രീ. വരദന്റെ ചിത്രീകരണം കേട്ടപ്പോൾ എനിക്കുതന്നെ വളരെ വിഷമം ഉണ്ടായി. ആ കാര്യത്തെ സംബന്ധിച്ച് അങ്ങേയറ്റം അനുഭാവപൂർവ്വം നോക്കാം. വേണ്ടതു ചെയ്യാം.

ശ്രീ. കെ. കെ. തോമസ്: എന്റെ നിയോജകമണ്ഡലത്തിലെ പെരുവന്താനം പഞ്ചായത്തിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് നല്ലവണ്ണമറിയാം. അവിടത്തെ ശുദ്ധജല ക്ഷാമത്തെക്കുറിച്ചും അദ്ദേഹത്തിന് അറിയാം. ആറുമാസക്കാലമായി അഞ്ചും ആറും കി. മീ. അകലെനിന്നുമാണ് വെള്ളം കൊണ്ടുവരുന്നത്. വളഞ്ഞങ്ങാനത്തുനിന്നും വെള്ളം കൊടുക്കാനുള്ള ഒരു സ്കീമിന്റെ പ്രൊപ്പോസൽ ഇപ്പോൾ അയച്ചിട്ടുണ്ട്. യന്ത്രശക്തിയില്ലാതെ വെള്ളംകൊണ്ടുവരാൻ അടിയന്തിരമായ നടപടികളെടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ കെ. എം. മാണി: ഈ പദ്ധതികളെല്ലാം ഗവൺമെന്റ് പരിശോധിച്ച് കഴിയുന്നത്ര വേഗത്തിൽ ഏറ്റെടുത്ത് പൂർത്തിയാക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ: വർക്കലയിൽ വളരെയധികം ഔഷധ ഗുണമുള്ള വെള്ളമുള്ള റിസർവുകളുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മാണിക്കറിയാമോയെന്നെനിക്കറിയില്ല. അത് സംഭരിച്ച് രോഗികൾക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ? വർക്കലയിലെ ശുദ്ധജല വിതരണ പദ്ധതിയും ഗവൺമെൻറിൻെറ മുമ്പിൽ നിലവിലുണ്ട്. അത് നടപ്പിലാക്കാനാവശ്യമായ അടിയന്തിരനടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: വർക്കലയിൽ ഇത്രമാത്രം സിദ്ധൗഷധ ഗുണമുള്ള ഈ സമ്പത്ത് മുഴുവൻ നഷ്ടപ്പെടാതെ പ്രിസർവ്വ് ചെയ്യാനുള്ള നടപടി സ്വീകരിക്കുന്നതാണ്. ബാക്കികാര്യങ്ങളൊക്കെ വേണ്ടതുപോലെ ചെയ്യാവുന്നതാണ്.

ശ്രീ. വി. സി. കബീർ: കഴിയുന്നത്രവേഗതയിൽ ശുദ്ധജല വിതരണം നടപ്പിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് താൽപ്പര്യമുണ്ടെന്ന് പറഞ്ഞു. എന്നാൽ പലയിടത്തും പൂർത്തിയായ പദ്ധതികൾക്ക് വൈദ്യുത കണക്ഷൻ കിട്ടുന്നില്ല. പാലക്കാട് തന്നെ അങ്ങനെയുള്ള എട്ടു പദ്ധതികൾ ഉണ്ട്. അതുകൊണ്ട് ഉത്തരം പദ്ധതികൾക്ക് അടിയന്തിരമായി വൈദ്യുതി കണക്ഷൻ കൊടുക്കുന്നതിനുള്ള നടപടികൾ കൂടി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അതിനെക്കുറിച്ച് അന്വേഷിക്കാം. എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് വേണ്ടത് ചെയ്യുന്നതാണ്.

ശ്രീ. പി. സി. ജോർജ്ജ്: ബഹുമാനപ്പെട്ട കബീർ മാസ്റ്റർ വൈദ്യുതി കണക്ഷൻ കിട്ടാത്തതാണ് വാട്ടർസപ്ലൈ സ്കീമിന് ബുദ്ധിമുട്ടെന്നു പറഞ്ഞു. എൻെറ നിയോജകമണ്ഡലത്തിലെ കുഴൽക്കിണറുകൾക്ക് വൈദ്യുതിയുടെ കാര്യത്തിൽ ബുദ്ധിമുട്ടില്ല. അതിനുള്ള പണിയൊക്കെ പൂർത്തിയായിരിക്കുകയാണ്. ഉദാഹരണമായി ഈരാറ്റുപേട്ട, പൂഞ്ഞാർ, അടുത്തകാലത്ത് ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി വകുപ്പു മന്ത്രിതന്നെ വന്നു ഉൽഘാടനം ചെയ്ത അഞ്ഞൂറ്റിമംഗലം, മേലമ്പാറ, പൂഞ്ഞാർ തെക്കേക്കര എന്നീ സ്ഥലങ്ങളിൽ കുഴൽക്കിണർ കുഴിച്ചിട്ടുണ്ടെങ്കിലും ഇതുവരെ ഒരിഞ്ച് പൈപ്പുപോലും ഇട്ട് വർക്ക് ആരംഭിച്ചിട്ടില്ല. എൻെറ അയൽവാസിയെന്നുള്ള പ്രത്യേകസ്നേഹം വച്ച് മാണിസാർ പ്രത്യേക പരിഗണന കൊടുത്ത് വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: ഞാൻ ബഹുമാനപ്പെട്ട ജോർജ്ജിൻെറ നിയോജകമണ്ഡലത്തിലെ ഇക്കാര്യങ്ങളുംകൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് നേരത്തെ പറഞ്ഞത്. അതായത്, കുഴൽക്കിണറിനുവേണ്ടി കുഴിച്ചിരിക്കുന്ന പ്രദേശങ്ങളിൽ മിനിവാട്ടർസപ്ലൈസ്കീം നടപ്പിലാക്കുമെന്ന് പറഞ്ഞു.

Dr. A. Subba Rao: Sir, May I know what are the criteria to classify a Panchayat which comes under the protected water supply? I understand that for sinking a single borewell in a Panchayat and attaching a handpump which does not work also comes under the classification of the protected water supply. There are four Panchayats in my constituency which are not supplying any water under protected water supply. You said only ten Panchayats are there.

LIBRARY ARCHIVES Kerala Legislative Assembly

Shri. K. M. Mani: It is a general question. Immediate action will be taken to implement a mini water supply scheme wherever there is borewell and wherever there is availability of water.

ശ്രീ. പി. പി. തങ്കച്ചൻ: നിലവിലുള്ള ശുദ്ധജലവിതരണ പദ്ധതികളിൽ നടന്നുകൊണ്ടിരിക്കുന്ന ജോലികളും തീർക്കാൻ വേണ്ടി അവയ്ക്ക് മുൻഗണന കൊടുത്തുകൊണ്ട് പണി പൂർത്തിയാക്കിയതിനുശേഷം മാത്രമേ പുതിയ വർക്കുകൾ ആരംഭിക്കുകയുള്ളൂ എന്ന് തീരുമാനമെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾക്ക് മുൻഗണന കൊടുക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ പ്രഖ്യാപിതനയം.

ശ്രീ.ആർ. എസ്. ഉണ്ണി: ഇറൻർ നാഷണൽ വാട്ടർ ഡീക്കേഡ് അവസാനിക്കാൻ ഇനി രണ്ടുമൂന്നു വർഷമേയുള്ളൂ. മറ്റ് അയൽ സംസ്ഥാനങ്ങളിലൊക്കെ വലിയ മാസ്റ്റർ പ്ലാനുകളൊക്കെ തയ്യാറാക്കി ഇൻറർനാഷണൽ വാട്ടർ ഡീക്കേഡിന്റെ ആനുകൂല്യങ്ങൾ നമ്മളെക്കാൾകൂടുതലായി സമ്പാദിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അതൊരു വസ്തുതയാണ്. ഇവിടെ ഇൻറർനാഷണൽ വാട്ടർ ഡീക്കേഡ് ആരംഭിച്ച കാലത്ത് ആവിഷ്ക്കരിച്ച പദ്ധതികൾപോലും പൂർത്തിയാക്കിയിട്ടില്ല. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി വരുന്നതിനുമുമ്പുണ്ടായിരുന്ന പുരോഗതി അതിനു ശേഷം ഉണ്ടായിട്ടില്ല. കേന്ദ്ര ഗവൺമെൻറിന്റെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതികളും സാർവ്വദേശീയ ഏജൻസികളുടെ സഹായത്തോടുകൂടി നടത്തുന്ന പദ്ധതികളും ഇപ്പോൾ മന്ദഗതിയിലാണ് മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾ ടെണ്ടർ വിളിക്കാനുള്ള ഫർപ്പാടുകൾ പോലും നടക്കുന്നില്ല. ഇക്കാര്യങ്ങളൊക്കെ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇൻറർനാഷണൽ ഡീക്കേഡിന്റെ അഡ്വാൻറേജ് നമുക്ക് വീണ്ടെടുക്കുവാനും ഈ പദ്ധതികളൊക്കെ നടപ്പിലാക്കുവാനുമുള്ള സത്വരനടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. കെ. എം. മാണി: ഇൻറർനാഷണൽ വാട്ടർ ഡീക്കേഡ് 1990–ലാണ് തീരുന്നത്. ആ പീരീഡാകുമ്പോൾ ഇൻഡ്യയിലെ ദേശീയലക്ഷ്യം കൂടുതലായിട്ടുള്ള ഒരു ടാർജറാണ് കേരളം ഫിക്സ് ചെയ്തിരിക്കുന്നത്. ആ നിലയിലേയ്ക്ക് റീച്ച് ചെയ്യത്തക്കവണ്ണം ദ്രുതഗതിയിൽ നമ്മുടെ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ആ ലക്ഷ്യം വളരെ ശ്രമകരമായ ഒരു ലക്ഷ്യമാണ്. ആ ലക്ഷ്യം നടപ്പിലാക്കുവാൻ ഗവൺമെൻറ് അങ്ങേയറ്റം ശ്രമിക്കുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: 1984-ൽ ഈ സംസ്ഥാനത്തുള്ള എല്ലാ പഞ്ചായത്തുകളിലും ശുദ്ധജലവിതരണം ആറു മാസത്തിനകം എത്തിക്കുമെന്നൊരു പ്രമേയം അംഗീകരിച്ചിട്ടുണ്ട്. ആ പ്രമേയം അംഗീകരിച്ച് നടപ്പിലാക്കണമെന്നത് അഷ്വറൻസ് ആണ്. എന്നാൽ എൻറെ നിയോജകമണ്ഡലത്തിൽ മാണിക്കൽ പഞ്ചായത്തിൽ ഇതുവരെ ശുദ്ധജല വിതരണത്തിനുള്ള യാതൊരു നടപടികളും നടത്തിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; അതിന് ഉടനടി നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അതിപ്പോഴാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. അതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ പി. കുമാരൻ: അട്ടപ്പാടിയിലെ ഷോളിയൂർ പോലുള്ള ആദിവാസി പഞ്ചായത്തുകളിൽ ഇപ്പോഴും ശുദ്ധജലമെത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രധാനമായി അവിടെ ഇലക്ട്രിസിറ്റി ഇല്ലാത്തതാണ് കാരണം. അതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ശ്രീ കെ. എം. മാണി: അതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കാം. അതായത്, വിദ്യുച്ഛക്തി വകുപ്പുമന്ത്രിയുമായി ഇതിനെക്കുറിച്ച് ചർച്ചചെയ്തു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: നദിയുടെ സാമീപ്യമോ വറ്റാത്ത തോടോ ഇല്ലാത്തതായ കലഞ്ഞൂർ പഞ്ചായത്തിൽ ഒരു വാട്ടർ സപ്ലൈ സ്കീം ആരംഭിക്കാനുള്ള ഏർപ്പാടുകൾ നേരത്തെയുണ്ടായിരുന്നു. ഏനാദിമംഗലം, കലഞ്ഞൂർ എന്നൊരു വാട്ടർസപ്ലൈ സ്കീമായിരുന്നു അത്. ആ സ്കീം ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: അതിനെക്കുറിച്ച് തീർച്ചയായിട്ടും പരിശോധിക്കാം.

ശ്രീ. സി. കെ. തങ്കപ്പൻ: കൊല്ലം ജില്ലയുടേയും ഈ സംസ്ഥാനത്തിന്റേയും ഒരു അനുഗ്രഹമാണ് ശാസ്താംകോട്ട ശുദ്ധജല തടാകം. ആ തടാകത്തിലെ വെള്ളംകൊണ്ടാണ് കൊല്ലം ജില്ലയിലെ ആശുപത്രികളിലും പരിസരങ്ങളിലുമൊക്കെ ശുദ്ധജലമെത്തിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. ഇടയ്ക്കിടയ്ക്ക് പൈപ്പുപൊട്ടലും തകരാറുകളും മൂലം ദിവസങ്ങളോളം ജില്ലാ ആശുപത്രിയടക്കമുള്ള പ്രദേശങ്ങളിൽ വെള്ളം ലഭിക്കാതെ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിനുപകരം ഒരു പുതിയ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: കൊല്ലം ജില്ലയിൽ ഒരു ഡ്രിങ്കിംഗ് പൈപ്പ്ലൈൻ കൊടുക്കുന്നതിനും മറ്റുമെല്ലാംകൂടി ഉദ്ദേശിച്ചുകൊണ്ട് ഒരു സമഗ്രമായ പദ്ധതി ഉണ്ട്. അത് / വരുമ്പോൾ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എ. സി. ഷൺമുഖദാസ്: കേന്ദ്രഗവൺമെന്റ് പ്രോബ്ലം വില്ലേജായി കണക്കാക്കിയിരിക്കുന്നത് അവരുടെ ഗ്രാമത്തിന്റെ സമ്പത്തായും വച്ചുകൊണ്ടാണ്. അത് നമ്മുടെ പഞ്ചായത്തിലെ ഒരു വാർഡിനെ ലൊതുങ്ങുന്നതാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റിന്റെ ഈ സമ്പത്തായത്തിൽ മാറ്റം വരുത്താത്തിടത്തോളംകാലം സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ശുദ്ധജലവിതരണത്തിൽ പ്രോബ്ലംവില്ലേജുകൾ കവർ ചെയ്യുന്നുവെന്നു പറഞ്ഞാൽ ഒരു സ്ഥലത്തും എത്തുകയില്ല. കേരളത്തിലെ അർബൻ വാട്ടർസപ്ലൈയും റൂറൽ വാട്ടർസപ്ലൈയും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. അതുകൊണ്ട് ഇതിനൊരു സമൂലമായ മാറ്റം വരുത്താൻവേണ്ടി കേന്ദ്ര ഗവൺമെന്റിൽ എന്തെങ്കിലും സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ നിലപാടെന്താണ്?

ശ്രീ. കെ. എം. മാണി: ഒരു കണക്കിൽ പറഞ്ഞാൽ കുടിവെള്ള പ്രശ്നം ഉള്ള വില്ലേജുകളെല്ലാം പ്രോബ്ലം വില്ലേജായിട്ട് കാണേണ്ടതാണ്. എവിടെയൊക്കെ കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ടോ അവിടെയെല്ലാം പ്രോബ്ലമാണ്. ആ നിലയ്ക്ക് അത് കാണേണ്ടതാണ്. അതനുസരിച്ച് ചില അർബൻ പ്രദേശങ്ങളും പ്രോബ്ലം വില്ലേജസായി നമുക്ക് പരിഗണിച്ച് അതിനുള്ള ആനുകൂല്യങ്ങളും നേടിയെടുക്കേണ്ടതാണ്.

ശ്രീ. ഇ. കെ. നായനാർ: ഇപ്പോൾ മലമ്പുഴ തടാകത്തിലെ വെള്ളം കുറഞ്ഞുവരികയാണ്. കാരണം, ഓരോ വർഷവും ഈ തടാകത്തിൽ കൃഷി നടന്നു കൊണ്ടിരിക്കുന്ന കാര്യം മന്ത്രിയ്ക്കു അറിയാമോയെന്നറിയില്ല. അവിടെ മണ്ണു വന്ന് വീണുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് കളക്ടറുമായി സംസാരിച്ചപ്പോൾ അദ്ദേഹത്തിന് ഒന്നും ചെയ്യാൻ കഴിയില്ലെന്ന് മനസ്സിലായി. അതുകൊണ്ട് ഇനി മണ്ണു വീഴാതിരിക്കാനും വെള്ളം കുറഞ്ഞുപോകുന്ന സാഹചര്യം ഇല്ലാതാക്കാനും പ്രത്യേകം ശ്രദ്ധിച്ച് മന്ത്രിതലത്തിൽ നടപടിയെടുക്കണം. ആ ശുദ്ധജലമാണ് പാലക്കാട് പട്ടണത്തിലും മറ്റും വിതരണം ചെയ്യുന്നത്.

ശ്രീ. കെ. എം. മാണി: അതിന്റെ കാച്ച്മെന്റ് ഏരിയായിൽ പ്രൊട്ടക്ഷൻ പ്രോജക്ട് പരിപാടികളും മറ്റു പദ്ധതികളുമെല്ലാം ഉണ്ട്. ഏതായാലും മലമ്പുഴയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച ഈ പ്രശ്നം പരിശോധിച്ച് അതിനെന്തെല്ലാം പരിഹാരം ചെയ്യണമോ അതിനാവശ്യമായ നടപടികളും പടിപടിയായി എടുക്കുന്നതാണ്.

ശ്രീ. കെ. എം. ഹംസക്കുഞ്ഞ്: കൊച്ചിൻ കോർപ്പറേഷനിൽ ശുദ്ധജല വിതരണം നടത്തിക്കൊണ്ടിരുന്നത് ആലുവായിൽനിന്നുമാണ്. ഇന്ന് ശുദ്ധജല വിതരണത്തിനു പകരം ആലുവായിലെ വേസ്റ്റ് വാട്ടറാണ് പട്ടണങ്ങളിൽ വിതരണം ചെയ്യുന്നത്. അതിനെക്കുറിച്ച് അന്വേഷിക്കുകയും ശുദ്ധജല വിതരണത്തിലുണ്ടായിരിക്കുന്ന പോരായ്മ പരിഹരിച്ചുകൊണ്ട് ഈ വേസ്റ്റ്വാട്ടർ കുടിക്കുന്നതിൽനിന്നും കൊച്ചിൻ കോർപ്പറേഷനിലെ ജനങ്ങളെ രക്ഷിക്കുകയും ചെയ്യുന്നതിനുള്ള മാർഗ്ഗം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കുമോ?

ശ്രീ. കെ. എം. മാണി: മലിനജലം ശുദ്ധീകരിക്കാനുള്ള നടപടികളും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് അങ്ങനെയൊരഭിപ്രായമില്ല. കൊച്ചിയിൽ ഇന്ന് വിതരണം ചെയ്യുന്ന വെള്ളം ശുദ്ധജലംതന്നെയാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ശുദ്ധജലമല്ലെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം. എവിടെയെങ്കിലും അങ്ങനെയൊരു ബുദ്ധിമുട്ടുണ്ടെങ്കിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സ്കൂളുകളിലെ നോട്ടുബുക്കു നിർമ്മാണ പദ്ധതി

* 256 [395] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ നോട്ടുബുക്കു വില ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly